"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം- ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എൻജിനീയർ ആയ ശ്രീമതി ആർ. വിജയകുമാരി-ക്ക് അനുവദിച്ച പലിശരഹിത ചികിത്സാവായ്പ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.എ.) വകുപ്പ്

സ.ഉ.(സാധാ) നം.254/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 30/01/2021

പരാമർശം:- 1. 10.01.2019 ലെ സ. ഉ. (സാധാ) 53/2019/തസ്വഭവ നം. ഉത്തരവ്.

2. ശ്രീമതി ആർ. വിജയകുമാരി സമർപ്പിച്ച 25.03.2019 ലെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷ.

3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 27.11.2019 ലെ ഇ17/13/2019/ സിഇ/തസ്വഭവ. 29.12.2020 ലെ ഇ14-10245/2020/സി.ഇ/തസ്വഭവ നമ്പർ കത്തുകൾ.

4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 09.07.2019 ലെ (എൽ.ഡിസ്) എം.ആർ.3- 43013/2019/ആ.വ.ഡ. നമ്പർ കത്ത്.

ഉത്തരവ്

തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വിഭാഗത്തിൽ ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ അസിസ്റ്റന്റ് എൻജിനീയർ ആയ ശ്രീമതി വിജയകുമാരിയുടെ ഭർത്താവിന് തിരുവനന്തപുരം ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് & ടെക്നോളജിയിൽ ഹൃദയസംബന്ധമായ ശസ്ത്രക്രിയ നടത്തുന്നതിനായി 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം) പലിശരഹിത ചികിത്സാവായ്പയായി അനുവദിച്ച് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു.

2. മേൽപറഞ്ഞ ശസ്ത്രക്രിയയ്ക്ക് ചിലവായ തുക 1,81,703/- രൂപ (ഒരു ലക്ഷത്തി എൺപത്തി ഒരായിരത്തി എഴുന്നൂറ്റി മൂന്ന് രൂപ മാത്രം) പരാമർശം 1 പ്രകാരം അനുവദിച്ച പലിശരഹിത ചികിത്സാവായ്പയിൽ ക്രമീകരിക്കുന്നതിനായി ശ്രീമതി വിജയകുമാരി പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി അപേക്ഷയിന്മേൽ പ്രതിപൂരണം ചെയ്യുന്നതിന് അനുവദനീയമായ തുക 1,72,847/- രൂപ (ഒരു ലക്ഷത്തി എഴുപത്തി രണ്ടായിരത്തി എണ്ണൂറ്റി നാല്പത്തി ഏഴ് രൂപ മാത്രം) ആണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ച് പരാമർശം 4 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമെന്ന് അറിയിച്ചിരിക്കുന്ന തുക കിഴിച്ച് പലിശരഹിത ചികിത്സാവായ്പയിൽ ബാക്കിയുള്ള 27,153/- (ഇരുപത്തി ഏഴായിരത്തി നൂറ്റി അൻപത്തി മൂന്ന് രൂപ മാത്രം) ശ്രീമതി ആർ. വിജയകുമാരി ട്രഷറിയിൽ അടച്ച് അസ്സൽ ചെലാൻ ഹാജരാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീമതി ആർ. വിജയകുമാരിക്ക് അനുവദിച്ച പലിശ രഹിത ചികിത്സാവായ്പ ക്രമീകരിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ പരാമർശം 3 പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വിഭാഗത്തിൽ ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ അസിസ്റ്റന്റ് എൻജിനീയർ ആയ ശ്രീമതി വിജയകുമാരിയുടെ ഭർത്താവിന്റെ ശസ്ത്രക്രിയയ്ക്ക് തിരുവനന്തപുരം ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മെഡിക്കൽ സയൻസസ് & ടെക്നോളജിയിൽ ചെലവായ 1,81,703/ - രൂപയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദിക്കാമെന്ന് അറിയിച്ചിരിക്കുന്ന തുകയായ 1,72,847/ - രൂപ പരാമർശം 1 പ്രകാരം അനുവദിച്ച 2,00,000/- രൂപയുടെ പലിശരഹിത ചികിത്സാവായ്പയിൽ തിട്ടപ്പെടുത്തികൊണ്ടും, ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമെന്ന

അറിയിച്ചിരിക്കുന്ന തുക കിഴിച്ച് പലിശരഹിത ചികിത്സാവായ്പയിൽ ബാക്കിയുള്ള മുഴുവൻ തുകയും ശ്രീമതി ആർ. വിജയകുമാരി ട്രഷറിയിൽ അടച്ച് ചെലാൻ ഹാജരാക്കിയിട്ടുള്ള സാഹചര്യത്തിൽ ടിയാൾ ക്ക് അനുവദിച്ച പലിശരഹിത ചികിത്സാ വായ്പ ക്രമീകരിച്ചു കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗോപകുമാർ യു**
**അണ്ടർ സെക്രട്ടറി**

1. ശ്രീമതി ആർ. വിജയകുമാരി, അസിസ്റ്റന്റ് എൻജിനീയർ *(തദ്ദേശ ചീഫ് എഞ്ചിനീയർ മുഖേന)*
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (രേഖകളും അനുബന്ധ രേഖകളും സഹിതം)
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. ധനകാര്യ വകുപ്പ്(25.01.2021 ലെ 1068479/L3/15/19-Fin നം. കുറിപ്പ് പ്രകാരം)
6. വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SREEKANTH G
Date: 2021.01.30 14:35:58 IST
Reason: Approved
സെക്ഷൻ ഓഫീസർ